സ്ക്കൂൾ സ്റ്റേഡിയങ്ങൾക്ക് ധനസഹായം

*432. [462] ശ്രീ. സ്റ്റീഫൻ പാദുവ :
,, കെ.സി. ജോസഫ് :
,, കെ. രാഘവൻ മാസ്റ്റർ :
,, എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സ്ക്കൂളുകളോടനുബന്ധിച്ച് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ വീതമാണ് നൽകുന്നത് ;

(സി) ഇതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട സ്ക്കൂളുകൾ എത്ര; ഏതെല്ലാം ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ) :

(എ) ഉണ്ട്.

(ബി) ഓരോ സ്റ്റേഡിയം നിർമ്മാണത്തിന് ധനസഹായം എത്ര രൂപയാണ് നൽകേണ്ടതെന്ന് നിജപ്പെടുത്തിയിട്ടില്ല. കേരള ഗവൺമെൻറ് പദ്ധതി അനുസരിച്ച് മൊത്തം മതിപ്പ് ചെലവിൻെറ പകുതിയോ, ഏറ്റവും കൂടിയത് ഒരു ലക്ഷം രൂപയോ സ്ക്കൂളുകൾക്ക് സ്റ്റേഡിയം നിർമ്മാണത്തിന് സഹായധനമായി നൽകുന്നു.

(സി) 1985-86-ൽ 53 സ്ക്കൂളുകൾക്ക് സ്റ്റേഡിയം നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. †

കയർ വ്യവസായത്തിനായി ചെലവഴിച്ച സംഖ്യ

*433. [463] ശ്രീ. വർക്കല രാധാകൃഷ്ണൻ :
ശ്രീമതി കെ ആർ. ഗൗരി :
ശ്രീ. ടി.കെ. അബ്ദു :
,, വി.ജെ. തങ്കപ്പൻ :
,, സി.കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായ വികസനത്തിനായി ആറാം പദ്ധതിയിൽ എന്ത് തുക സംസ്ഥാനത്ത് ചെലവഴിച്ചു :

(ബി) പ്രസ്തുത കാലയളവിൽ എത്ര തൊഴിലാളികളെ സഹകരണ മേഖലയിൽ കൊണ്ടുവന്നു ?

† സ്ക്കൂളുകളുടെ ലിസ്റ്റ് ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) 1607.956 ലക്ഷം രൂപ.

(ബി) 47577 തൊഴിലാളികളെ പുതുതായി കൊണ്ടുവന്നു.

ഔഷധമൂല്യമുള്ള സസ്യങ്ങളുടെ സംരക്ഷണം

* 434. [464] ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ.പി. പ്രഭാകരൻ :
,, വി.കെ. രാജൻ :
,, പി. കുമാരൻ :
,, കെ.ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനത്തിലുള്ള ഔഷധമൂല്യമുള്ള സസ്യങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇപ്പോൾ എത്ര ഏക്കർ സ്ഥലത്ത് ഔഷധഗുണമുള്ള സസ്യങ്ങൾ നട്ടുവളർത്തുന്നുണ്ട് ;

(സി) ഇതിനുവേണ്ടി പ്രതിവർഷം ചെലവാക്കുന്ന സംഖ്യ എത്ര?

വനം വകുപ്പുമന്ത്രി (ശ്രീ. കെ.പി. നൂറുദ്ദീൻ) :

(എ) വനത്തിലുള്ള ഔഷധമൂല്യമുള്ള സസ്യസംരക്ഷണത്തിന് പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) 189.55 ഏക്കർ (76.72 ഹെക്ടർ) സ്ഥലത്ത്. ഇതിൽ 135.91 ഏക്കർ (55 ഹെക്ടർ) സ്ഥലം സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഔഷധസസ്യങ്ങൾ നട്ടുവളർത്തുന്നത്.

(സി) 1,15,000 രൂപ.

വനങ്ങളിൽനിന്നും മരം വെട്ടുന്നതിൽ നിയന്ത്രണം

* 435. [465] ശ്രീ. ടി. കെ. ഹംസ :
,, എം. ജിനദേവൻ :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, ജി. വരദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനങ്ങളിൽനിന്നും മരം വെട്ടുന്നതിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) സ്വാഭാവിക വനങ്ങളിൽനിന്നും മറ്റും മരം ഇപ്പോഴും മുറിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly